കൂടാതെ ഓരോ ജില്ലയിലും ഓരോ വൃദ്ധസദനങ്ങൾ തുടങ്ങുന്നതിനായി കെട്ടിടം പണിയുന്നതിനായി പരമാവധി 30 ലക്ഷം രൂപ വരെ അനുവദിക്കുന്ന ഒരു കേന്ദ്ര സർക്കാർ സഹായ പദ്ധതിയും, സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന മറ്റൊരു കേന്ദ്ര പദ്ധതിയും നിലവിലുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ ശുപാർശ പരിഗണിച്ചാണ് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം നൽകുന്നത്.

(ബി) അധികാര വികേന്ദ്രീകരണത്തെ തുടർന്ന് അനാഥശാലകളുടെ നടത്തിപ്പിന്റെ ചുമതല തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു.

(സി) സംസ്ഥാന തലത്തിൽ നടത്തുന്ന ഓർഫനേജ് ഫെസ്റ്റിന് ഒരു ലക്ഷം രൂപ നേരത്തേ തന്നെ അനുവദിച്ചിട്ടുണ്ട്. ജില്ലാതല മേളകൾക്കായി ഓരോ ജില്ലയ്ക്കും പരമാവധി 10,000 രൂപ വീതം ഗ്രാന്റിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

63 (2211) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന ഗ്രാന്റ്

ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. പി.കെ. അബ്ദു റബ് :
ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന ഗ്രാന്റ് യഥാസമയം വിതരണം ചെയ്യാറുണ്ടോ;

(ബി) ഓരോ അന്തേവാസിക്കും പ്രതിമാസം എത്ര രൂപയാണ് ഗ്രാന്റായി നൽകുന്നത്;

(സി) ഈ തുക തീരെ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ തുക എന്നു മുതലാണ് ഈ നിരക്കിലേക്ക് ഉയർത്തിയത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇപ്പോഴത്തെ നിരക്ക് നിലവിൽ വന്നിട്ട് വർഷങ്ങളായത് കണക്കിലെടുത്തും നിലവിലുള്ള ജീവിത വില സൂചിക കണക്കിലെടുത്തും ഗ്രാന്റ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില വർഷങ്ങളിൽ ഓർഫനേജുകൾക്ക് ഗ്രാന്റ് നൽകാനാവശ്യമായ തുക മുഴുവൻ ബഡ്ജറ്റിൽ വകയിരുത്താറില്ല. അതിനാൽ ഗ്രാന്റ് യഥാസമയം കൊടുത്തു തീർക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) 100 രൂപ.

(സി) ഉണ്ട്.

(ഡി) 1-2-96 മുതൽ.

(ഇ) നിലവിലുള്ള സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly